LIBRARY ARCHIVES Kerala Legislative Assembly

5. വാളയാർ-മണ്ണുത്തി ദേശീയപാത വികസനം

ശ്രീ. എ. കെ. ബാലൻ : സർ, നാടിന്റെ വികസനത്തിനായി കൃഷിസ്ഥലവും കിടപ്പാടവും ജീവനോപാധികളും വിട്ടുനല്കിയ പാലക്കാട് ജില്ലയിലെ ജനതയോട് ദേശീയപാത വികസനത്തിന്റെ പേരിൽ കടുത്ത വഞ്ചനയും നീതിനിഷേധവുമാണ് സർക്കാർ കാട്ടുന്നത്. വാളയാർ-മണ്ണുത്തി ദേശീയപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതുവരെയും പൂർത്തിയാക്കിയിട്ടില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള പണി 70 ശതമാനം പോലും പൂർത്തിയാക്കിയിട്ടില്ല. എന്നാൽ വാളയാറിൽ ടോൾ പ്ലാസ പണിത് മേയ് 22 അർദ്ധരാത്രി മുതൽ വൻതുക ടോൾ പിരിവ് നിർമ്മാണ കമ്പനി ആരംഭിച്ചു. അപ്രതീക്ഷിതമായ ഈ പിരിവിനെതിരെ വൻ പ്രതിഷേധമാണ് നാട്ടിൽ ഉയർന്നുവന്നത്. നിർമ്മാണം പൂർത്തിയാകുംമുൻപുള്ള ടോൾ പിരിവ് മാത്രമല്ല ദേശീയപാത വികസനത്തിന് നിശ്ചയിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും കാറ്റിൽപ്പറത്തിയിട്ടുള്ളതാണ് പ്രവൃത്തികൾ. മേൽപ്പാലങ്ങളും കീഴ്പാലങ്ങളും സർവ്വീസ് റോഡുകളും തെരഞ്ഞെടുത്തിട്ടുള്ളതും നിർമ്മിച്ചിട്ടുള്ളതും എല്ലാം അശാസ്ത്രീയവും പ്രദേശത്തെ ജനങ്ങളെ ഒറ്റപ്പെടുത്തുന്ന നിലയിലുമാണ്. രാമശ്ശേരി ജംഗ്ഷൻ, കായികപ്പറമ്പ് ജംഗ്ഷൻ, കണ്ണന്നൂർ ജംഗ്ഷൻ, കഴൽമന്ദം ബസാർ റോഡ്, ആലത്തൂർ ബസാർ റോഡ് എന്നിവിടങ്ങളിൽ മേൽപ്പാലം ഒഴിവാക്കിയപ്പോൾ എരിമയൂരിലും ചിതലിക്കും ഇടയിൽ ആവശ്യമില്ലാതെ ചിലർക്ക് വേണ്ടിമാത്രം മേൽപ്പാലം നിർമ്മിച്ചിട്ടുണ്ട്. കാൽനടയാത്രക്കാർക്കും കർഷകർക്കും കന്നുകാലികളെയും കാർഷിക ഉപകരണങ്ങളും പാടത്തേക്ക് കൊണ്ടു പോകുന്നതിനും റോഡ് ക്രോസ്സ് ചെയ്യുന്നതിനും കീഴ് പാലങ്ങൾ ആവശ്യത്തിന് നിർമ്മിച്ചിട്ടില്ല. നാലുവരിപ്പാതയുടെ ലൈനുകളെ വേർതിരിക്കുന്ന മീഡിയനുകൾക്ക് നാലുമീറ്റർ വീതി വേണമെന്ന വ്യവസ്ഥയും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഒരു കിലോമീറ്ററിന് ഒരു മീഡിയൻ കുറയ്ക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല. ജനങ്ങളുടെ ബുദ്ധിമുട്ടൊഴിവാക്കാൻ സർവ്വീസ് റോഡുകൾ വേണമെന്ന വ്യവസ്ഥയും കാറ്റിൽ പറത്തിയിരിക്കുകയാണ്. ഇത് വാളയാർ, കഞ്ചിക്കോട്, ചന്ദ്രനഗർ, കണ്ണന്നൂർ, കഴൽമന്ദം, ആലത്തൂർ എന്നിവിടങ്ങളിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന കാര്യമാണ്. റോഡ് ഉപരിതലത്തിന്റെ ഇരുപുറവുമുള്ള പാർശ്വങ്ങൾക്ക് നിശ്ചയിക്കപ്പെട്ട വീതി നല്കിയിട്ടില്ല. 50 കിലോ മീറ്ററിൽ ഒന്ന് എന്ന നിലയിൽ വേണ്ട ലോറി പാർക്കിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടില്ല. ആവശ്യാനുസരണം ബസ് സ്റ്റോപ്പുകളും പാസഞ്ചർ ഷെൽട്ടറുകളും പണിതിട്ടില്ല. അതുപോലെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനില

LIBRARY ARCHIVES Kerala Legislative Assembly

വാരത്തെക്കുറിച്ചും പരാതികളുണ്ട്. ഞാൻ ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രിക്കും രണ്ട് എം.പി. മാർക്കും ബഹുമാനപ്പെട്ട മന്ത്രിക്കും കത്തയച്ചിട്ടുണ്ട്. ഇതിൽ വലിയൊരു ഭാഗം എന്റെ മണ്ഡലത്തിലാണ് വരുന്നത്. ഏറ്റവും കൂടുതൽ ആക്സിഡന്റ് ഉണ്ടാകുന്ന സ്ഥലമാണ് ആലത്തൂർ കിണ്ടിമുക്ക് എന്നുപറയുന്ന സ്ഥലം. അവിടെ ഇനിയും ആക്സിഡന്റ് കൂടാനാണ് സാധ്യത. കാരണം ഇപ്പോഴുള്ള പാലത്തിന്റെ സ്ഥിതി നോക്കിയാൽ വരുന്ന വാഹനം തീരെ കാണില്ല ആ രൂപത്തിലാണ് പാലത്തിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട കളക്ടർക്കും ഇത് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഞാൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ അവർ അവിടെ പോയി അന്വേഷിച്ചപ്പോൾ അവർക്ക് ബോധ്യപ്പെട്ട കാര്യമാണ്. ആയതിനാൽ ദേശീയപാത നിർമ്മാണത്തിന്റെ അപാകതകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. സംസ്ഥാനം ഇക്കാര്യം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരണം. സാധാരണ നിലയിലുള്ള പി.ഡബ്ല്യു.ഡി. യുടെ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ technical know-how പോലും അറിയാത്തവരാണ് ഈ എൻ.എച്ച്. നിർമ്മാണത്തിന് നേതൃത്വം കൊടുത്തിരിക്കുന്നതും സാങ്കേതിക ഉപദേശം കൊടുത്തിട്ടുള്ളതും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇതിനെതിരെ ശക്തമായ നിലപാടെടുക്കുകയും ടോൾ പിരിവ് അവസാനിപ്പിക്കുകയും വേണം. ഇതെല്ലാം പരിഹരിച്ചശേഷം ടോൾ പിരിവ് നടത്തിയാൽ മതി.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ദേശീയപാത 47-ന്റെ ഭാഗമായ വാളയാർ മുതൽ വടക്കാഞ്ചേരി വരെയുള്ള 53.89കി.മീ. നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് ദേശീയപാത വികസന അതോറിറ്റിയാണ്. ഈ പ്രവൃത്തി 18-5-2013-ൽ ആരംഭിച്ച് 13-11-2015-ൽ പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തിയുടെ കൺസഷണർ എഗ്രിമെന്റ് പ്രകാരം പ്രോജക്ടിന്റെ 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞാൽ ആ ഭാഗം ഗതാഗതത്തിന് തുറന്നുകൊടുക്കുന്നതിനും ടോൾ പിരിവ് ആരംഭിക്കുന്നതിനും കൺസഷണർ കമ്പനിക്ക് നിയമപരമായ അവകാശമുണ്ട്. ആകെയുള്ള 53.89 കിലോമീറ്റർ റോഡിൽ 46.75 കി.മീ. ഭാഗത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയതിനാൽ കൺസഷണർ കമ്പനി 23-05-2015 മുതൽ ടോൾ പിരിവ് ആരംഭിക്കുകയുണ്ടായി. ഇതിനെതിരായി തദ്ദേശവാസികൾ കൺസഷണർ എഗ്രിമെന്റിന്റെ പരിധിയിൽ വരാത്ത ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് പ്രതിഷേധമുയർത്തിയതിനാൽ ടോൾ പിരിവ് താൽക്കാലികമായി നിർത്തിവയ്ക്കുകയുണ്ടായി. ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ

LIBRARY ARCHIVES Kerala Legislative Assembly

ജനപ്രതിനിധികളുടെയും രാഷ്ട്രീയനേതാക്കളുടെയും സാന്നിധ്യത്തിൽ പ്രതിഷേധക്കാരുമായി ചർച്ച നടത്തുകയും പൊതുജനങ്ങൾ ഉന്നയിച്ച പല ആവശ്യങ്ങളും കൺസഷണർ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്നതല്ലെന്ന് പ്രതിഷേധക്കാരെ ബോധ്യപ്പെടുത്തുകയുമുണ്ടായി. കൺസഷണർ എഗ്രിമെന്റിൽ വരുന്ന ബാക്കി പ്രവൃത്തികൾ മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണെന്നും കൺസഷണർ കമ്പനി അറിയിക്കുകയുണ്ടായി. തുടർന്ന് 2-6-2015 മുതൽ ടോൾ പിരിവ് പുനരാരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ചൂണ്ടിക്കാട്ടിയ പാത നിർമ്മാണത്തിലെ അപാകതകൾ കൺസഷണർ എഗ്രിമെന്റിന്റെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കുവാൻ കരാർ ഏറ്റെടുത്ത കമ്പനിക്കും നാഷണൽ ഹൈവേ അതോറിറ്റിക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേന്ദ്രഗവൺമെന്റിനെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെയും അറിയിക്കുന്നതും നടപടിയുണ്ടാക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നതുമാണ്. 75 ശതമാനം പണി പൂർത്തീകരിച്ചാൽ ആ ഭാഗത്ത് ടോൾ പിരിവ് നടത്താമെന്ന് എഗ്രിമെന്റിലുണ്ട്. സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റും വച്ചിട്ടുള്ളതാണ്. അതാണ് ടോൾ പിരിവിന് ഇപ്പോൾ അവർക്ക് പിൻബലം നൽകുന്ന പ്രധാന സംഗതി. കളക്ടറുമായി നടത്തിയ സംഭാഷണത്തിൽ അവിടത്തെ ആക്ഷൻ കമ്മിറ്റിക്കാരും ഇക്കാര്യത്തെ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ട്. ഈ സബ്മിഷൻ കിട്ടിയ ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട് കളക്ടറേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥന്മാരെയുമെല്ലാം ബന്ധപ്പെട്ട് ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച അണ്ടർ പാസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡി.പി.ആർ.-ൽ ഉണ്ട്. കൺസഷണർ എഗ്രിമെന്റിലുണ്ടെങ്കിൽ അത് ഉടനെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

6. സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, ആരോഗ്യരംഗത്ത് മാരകമായ ജീവിതശൈലീ രോഗങ്ങളും മറ്റ് ഇതര രോഗങ്ങളും വളരെക്കൂടുതലായി കേരളത്തെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. രോഗങ്ങളുടെയും രോഗികളുടെയും എണ്ണം വർദ്ധിക്കുന്നത് വളരെ കൂടുതലായതുകൊണ്ട് സർക്കാർ ആശുപത്രികളിലും സർക്കാർ ലാബുകളിലും പര്യാപ്തമായ ചികിത്സ കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഇന്നുള്ളത്. അതിന്റെ ഫലമായി സംസ്ഥാനത്തെ ജനങ്ങൾ